(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ജില്ലകളിലെ വ്യവസായ യൂണിറ്റുകൾക്കുള്ള കേന്ദ്രസബ്സിഡി

1. [2251] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ വ്യവസായ യൂണിറ്റുകൾക്കുള്ള കേന്ദ്രസബ്സിഡി ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇനി എന്തു തുക സംസ്ഥാനത്തിന് ലഭിക്കാനുണ്ട് ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഏതെല്ലാം ജില്ലകളിലെ വ്യവസായ യൂണിറ്റുകൾക്ക് കേന്ദ്രസബ്സിഡി തുക നൽകിയിട്ടുണ്ട് ; എന്തു തുകയാണ് ഓരോ യൂണിറ്റിനും ഇതുവരെ നൽകിയത് ;

(സി) വ്യവസായ യൂണിറ്റുകളുടെ പേരും സബ്സിഡി തുകയും വിതരണം ചെയ്ത വർഷവും വ്യക്തമാക്കാമോ ;

(ഡി) ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രതിവർഷം ലഭിച്ച തുകയെന്ത് ?

ഉത്തരം

(എ) 11.17 കോടി രൂപ.

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇടുക്കി, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം, ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലും ആലപ്പുഴ ജില്ലയിൽ നിന്ന് വേർതിരിച്ച് പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുത്തിയ പ്രദേശത്തിലെ വ്യവസായ യൂണിറ്റുകൾക്കും കേന്ദ്ര സബ്സിഡി നൽകിയിട്ടുണ്ട്. ഓരോ യൂണിറ്റിനും നൽകിയ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 1987-88—200.21 ലക്ഷം രൂപ.
1988-89—276.68 ലക്ഷം രൂപ.
198990—29.66 ലക്ഷം രൂപ.
1990-91— ....

മലപ്പുറം ജില്ലയിലെ പുതിയ വ്യവസായങ്ങൾ

2. [2252] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 1988, 1989, 1990 വർഷങ്ങളിൽ എത്ര പുതിയ വ്യവസായങ്ങൾ തുടങ്ങി ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ചെറുകിട വ്യവസായങ്ങൾ എത്ര ; വൻകിട വ്യവസായങ്ങൾ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിൽ 1987-88, 1988-89, 1989-90 എന്നീ വർഷങ്ങളിൽ യഥാക്രമം 352, 322, 278 ചെറുകിട യൂണിറ്റുകൾ സ്ഥിരം രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതുകൂടാതെ 1990-91 ഫെബ്രുവരി അവസാനം വരെ 274 ചെറുകിട യൂണിറ്റുകൾ കൂടി ആരംഭിച്ചു. ഇവയെല്ലാംതന്നെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ 1987-88 കാലഘട്ടത്തിൽ 4 ഇടത്തരം വ്യവസായ യൂണിറ്റുകൾ ജില്ലയിൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. അവ താഴെ പറയുന്നവയാണ്.

(1) എൽസിറ സബ്ട്രേറ്റ്സ് ലിമിറ്റഡ്, പെരിന്തൽമണ്ണ.

(2) തോംസൺ ഡ്രഗ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ്, നിലമ്പൂർ.

(3) സെഞ്ചുറി പെരിഫെറൽസ് ലിമിറ്റഡ്, തേഞ്ഞിപ്പാലം.

(4) കുന്നോ ടൈൽ വർക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇടവണ്ണ.

ഇവ കൂടാതെ കുറ്റിപ്പുറത്ത് ടി. എസ്. കെ. റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരിടത്തരം യൂണിറ്റ് പ്രവർത്തനം സജ്ജമായി ക്കൊണ്ടിരിക്കുകയാണ്.

വനിതാ വ്യവസായ യൂണിറ്റുകൾ

3. [2254] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1988, 1989, 1990, 1991 എന്നീ വർഷങ്ങളിൽ എത്ര വനിതാ വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്; ഇതിൽ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങിയവ എത്ര ; അവ ഏതെല്ലാം ;

(ബി) എത്ര വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1988, 1989, 1990, 1991 എന്നീ വർഷങ്ങളിൽ രണ്ടു വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. ഇതിൽ സഹകരണാടിസ്ഥാനത്തിൽ ഉള്ളവ ഇല്ല.

(ബി) രണ്ടു വനിതാ വ്യവസായ യൂണിറ്റുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മലബാർ സിമൻറ്സ്

4. [2255] ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമൻറ്സ് കമ്പനി പ്രവർത്തിച്ചു തുടങ്ങിയിട്ട് എത്ര കാലമായി ;

(ബി) ഓരോ വർഷവും ഉൽപ്പാദിപ്പിച്ച സിമൻറ് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly